ജൽ ജീവൻ മിഷൻ പദ്ധതി: റോഡുകൾ പൂർവസ്ഥിതിയിലാക്കാൻ സമയപരിധി

കോഴിക്കോട്: ജൽ ജീവൻ മിഷൻ കുടിവെള്ള വിതരണ പദ്ധതിക്കായി വെട്ടിപൊളിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാൻ കരാറുകാർക്ക് സമയപരിധി നൽകിയതായി സബ്കലക്ടർ ഹർഷിൽ ആർ. മീണ ജില്ലാ വികസന സമിതി യോഗത്തിൽ അറിയിച്ചു.

ഇതു സംബന്ധിച്ച് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് പരാതികൾ ഉയർന്നതിനെ തുടർന്ന് രണ്ട് യോഗങ്ങൾ ചേർന്നിരുന്നു; കരാറുകാരുടെയും എഞ്ചിനീയർമാരുടെയും. ബിൽ കുടിശ്ശികയാണ് കരാറുകാർ ചൂണ്ടിക്കാട്ടിയ പ്രധാന വിഷയമെന്ന് സബ്കലക്ടർ പറഞ്ഞു. എങ്കിലും റോഡ് പൂർവസ്ഥിതിയിലാക്കാൻ കരാറുകാർക്ക് സമയപരിധി നൽകിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾക്ക് പുറമെ ഗ്രാമീണ റോഡുകളും ഇത്തരത്തിൽ കീറിയശേഷം പ്രവൃത്തി നടത്താത്ത അവസ്ഥയുണ്ടെന്ന് യോഗത്തിൽ കുറ്റ്യാടി എം.എൽ.എ. കെ.പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ഉന്നയിച്ചു. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിൻറ് ഡയറക്ടർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ യോഗം വിളിക്കണമെന്ന് ജില്ലാ വികസനസമിതി അധ്യക്ഷനായ ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് നിർദ്ദേശിച്ചു.

ജില്ലയിൽ സർവ്വേയർമാരുടെ കുറവുണ്ടെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടു. ഇത് പല ഭൂമി ഏറ്റെടുക്കൽ പ്രവർത്തികളെയും ബാധിക്കുന്നു. 15 സർവെയർമാരെ ലഭ്യമാക്കണമെന്നഭ്യർത്ഥിച്ചു സർക്കാറിലേക്ക് എഴുതിയതായി ഡെപ്യൂട്ടി കലക്ടർ (എൽ.ആർ) അറിയിച്ചു. ലോകനാർകാവ് മ്യൂസിയം പദ്ധതി നിർമ്മാണം അടുത്ത ആഴ്ച തുടങ്ങുമെന്ന് വിനോദസഞ്ചാര വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു. കിഡ്ക്ക് ആണ് പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത്.

കുറ്റ്യാടി ജലസേചന പദ്ധതിയ്ക്ക് കീഴിൽ സമഗ്ര കനാൽ നവീകരണത്തിനായി 175 കോടിയുടെ നിർദേശം സർക്കാർ മുമ്പാകെ സമർപ്പിച്ചതായി ഉദ്യോഗസ്ഥർ അറിയിച്ചു. ജില്ലയിലെ 45 ഓളം ഗ്രാമപഞ്ചായത്തുകളിലും നിരവധി മുനിസിപ്പാലിറ്റികളും വെള്ളമെത്തിക്കുന്ന പ്രധാന പദ്ധതിയായ കുറ്റ്യാടി ജലസേചന പദ്ധതിയുടെ പല കനാലുകളും കാലപ്പഴക്കത്താൽ പ്രശ്നങ്ങൾ നേരിടുകയാണ്. അക്വഡറ്റുകൾ തകർച്ചയുടെ വക്കിലാണ്. നാലു ഘട്ടങ്ങളിലായി കനാലുകളുടെ നവീകരണ പ്രവൃത്തി നടപ്പാക്കാനാകും.

ആദ്യഘട്ടത്തിൽ 45 കോടി രൂപ വേണ്ടിവരുമെന്നാണ് കരുതുന്നത്. നബാർഡ് ഫണ്ടിന് വേണ്ടിയാണ് ശ്രമിക്കുന്നത്. കുന്ദമംഗലം ബി.ആർ.സി. കെട്ടിട നിർമാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കാൻ ജില്ലാ കലക്ടർ നിർദേശിച്ചു. കളന്തോട്-കൂളിമാട് റോഡിൽ വൈദ്യുത പോസ്റ്റുകളും ട്രാൻസ്ഫോർമറും മാറ്റുന്ന കാര്യത്തിൽ കെഎസ്ഇബി ഉണർന്നുപ്രവർത്തിക്കണമെന്ന് കുന്ദമംഗലം എം.എൽ.എ. പി.ടി.എ. റഹീം ആവശ്യപ്പെട്ടു. ഇക്കാര്യം പരിഹരിക്കാൻ കലക്ടർ നിർദേശം നൽകി. മണിയൂരിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് വടകര മുനിസിപ്പാലിറ്റി അനുവദിച്ച സ്ഥലം യോഗ്യമല്ലെന്നും മറ്റൊരു സ്ഥലം കണ്ടെത്തിയതായും കെ.എസ്.ഇ.ബി. അറിയിച്ചു.എന്നാൽ വെറുതെ ഭൂമി തരാമെന്ന് മുൻസിപ്പാലിറ്റി പറഞ്ഞ സ്ഥിതിക്ക് അക്കാര്യം ഒന്നുകൂടി പരിശോധിക്കണമെന്ന് കുറ്റ്യാടി എം.എൽ.എ. നിർദേശിച്ചു. കുറ്റ്യാടി-പക്രംതളം ചുരം റോഡ് പുനരുദ്ധാരണ പ്രവൃത്തി കരാർ നൽകി. മൂന്ന് റീച്ചായാണ് പ്രവർത്തനം നടത്തുക. കുറ്റ്യാടി ബൈപ്പാസിന് ഭൂമി ഏറ്റെടുക്കാൻ ഫണ്ടില്ലെന്ന വാദം എം.എൽ.എ. നിഷേധിച്ചു. കിഫ്ബിയിൽ പണം ഉണ്ടെന്ന് അദ്ദേഹം പറഞ്ഞു.

മൊകേരി ഗവ. കോളജിൽ പുതിയ ലൈബ്രറി കെട്ടിടത്തിന് അഗ്നിശമന വിഭാഗത്തിന്റെ എൻ.ഒ.സി. ലഭിക്കാനുണ്ട്. വടകര-മാഹി കനാൽ പദ്ധതിക്കായി ഭൂമി ഏറ്റെടുത്ത വകയിൽ ഉടമകൾക്കുള്ള നഷ്ടപരിഹാരം ഒരു മാസത്തിനുള്ളിൽ നൽകുമെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു. വടകര-മാഹി കനാലിന്റെ ഭാഗമായി വരുന്ന കോട്ടപ്പള്ളി പാലത്തിന് ഭരണാനുമതി ആയിട്ടുണ്ടെങ്കിലും സാങ്കേതിക അനുമതി ലഭിച്ചിട്ടില്ല. ജില്ലയിലെ താലൂക്ക് ആശുപത്രികളിൽ 21 ഗൈനക്കോളജിസ്റ്റ് വേണ്ടിടത്ത് നാലുപേരുടെ കുറവുണ്ടെന്ന് ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു.

കൊയിലാണ്ടി ഗവ. കോളജിലെ ലൈബ്രറി നിർമാണത്തിന്റെ 60% പണിയും പൂർത്തിയായി. യോഗത്തിൽ തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ, എ.ഡി.എം. കെ. അജീഷ്, അസിസ്റ്റന്റ് കലക്ടർ ആയുഷ് ഗോയൽ, ജില്ലാ പ്ലാനിങ് ഓഫീസർ ഏലിയാമ്മ നൈനാൻ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുത്തു.

● കോഴിക്കോട് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന ജില്ലാ വികസന സമിതി യോഗം.

● റോഡ് ആക്സിഡന്റ് ആക്ഷൻ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ ഡിപ്പാർട്ടുമെന്റുകളുമായി സഹകരിച്ച് തയ്യാറാക്കിയ ഡിജിറ്റൽവാൾ പ്രചരണ വാഹനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം ഗതാഗത വകുപ്പുമന്ത്രി കെ.ബി. ഗണേഷ് കുമാർ റാഫ് സംസ്ഥാന പ്രസിഡന്റ് ഡോ. കെ.എം. അബ്ദുവിന് പതാക കൈമാറി നിർവഹിക്കുന്നു.

ഡിജിറ്റൽവാൾ പ്രചാരണ വാഹനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം

കോഴിക്കോട്: വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങൾക്കെതിരെ നിതാന്ത ജാഗ്രത ലക്ഷ്യമിട്ട് റോഡ് ആക്സിഡന്റ് ആക് ഷൻ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ പോലീസ് മോട്ടോർ വാഹന, എക്സൈസ്, ആരോഗ്യ, വിദ്യാഭ്യാസ വകുപ്പുകളുമായി സഹകരിച്ച് റോഡു സുരക്ഷ ബോധവത്ക്കരണം, ലഹരിവ്യാപനം തടയൽ, ശുചിത്വ പരിപാലനം, ജലജന്യ രോഗപ്രതിരോധം തുടങ്ങിയവക്കായി നാലു് ഡിജിറ്റൽ വാൾ പ്രചരണ വാഹനങ്ങളുടെ സംസ്ഥാന തല ഉദ്ഘാടനം ഗതാഗത വകുപ്പുമന്ത്രി കെ.ബി. ഗണേഷ് കുമാർ നിർവ്വഹിച്ചു.

സെക്രട്ടറിയേറ്റ് അനക്സ് ഒന്ന് കോമ്പൗണ്ടിൽ വച്ച് റാഫ് സംസ്ഥാന പ്രസിഡന്റ് ഡോ. കെ.എം. അബ്ദുവിന്ന് പതാക കൈമാറിയാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. റോഡപകടങ്ങൾ കുറക്കാൻ വേണ്ടുന്ന നടപടികൾ സർക്കാർ കൈ കൊണ്ടു വരുന്നതായി മന്ത്രി അറിയിച്ചു. റാഫിന്റെ ഒരിറ്റു ശ്രദ്ധ; ഒരു പാടായുസ്സ് എന്നത് കാലിക പ്രസക്തമായ മുദ്രാവാക്യമാണെന്നദ്ദേഹം അഭിപ്രായപ്പെട്ടു.

ബോധവത്ക്കരണ രംഗത്ത് വേണ്ടുന്ന എല്ലാ സഹായങ്ങളും സർക്കാറിന്റെ ഭാഗത്തു നിന്നുമുണ്ടാകുമെന്നറിയിച്ചു. അഡ്വ. സുജാത എസ്. വർമ്മ, അസിസ്റ്റൻറ് പോലീസ് കമ്മീഷണർ ആർ. സുരേഷ്, കെ.പി. ഷംസീർ ബാബു, എസ്.ആർ. രവികുമാർ, സിറാജുദ്ദീൻ കരമന, എം.ടി. തെയ്യാല, വിജയൻ കൊളത്തായി,

ടി.ഐ.കെ. മൊയ്തു, മൊയ്തു മുട്ടായി, രാജു മണക്കാട്, വി. അജയകുമാർ, മോഹൻ ജി പ്രചോദന, ടി. ശബ്ന, ബി. വിനോദ് കുമാർ, സന്തോഷ് കരകുളം തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

● തൂണേരി ബ്ലോക്ക് പഞ്ചായത്ത് ഉപതെരഞ്ഞെടുപ്പ് നടക്കുന്ന പാറക്കടവ് ഡിവിഷൻ യു.ഡി.എഫ്. സ്ഥാനാർഥി കെ. ദ്വരയുടെ പ്രചാരണത്തിനായി ഷാഫി പറമ്പിൽ എം.പി. പാറക്കടവ് ടൗണിൽ എത്തിയപ്പോൾ

ഇ. ഹെൽത്ത് രജിസ്ട്രേഷൻ തുടങ്ങി

നാദാപുരം: നാദാപുരം ഗ്രാമപഞ്ചായത്തിലെ മുഴുവനാളുകളെയും ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമാക്കാനുള്ള രജിസ്ട്രേഷൻ ക്യാമ്പുകൾക്ക് തുടക്കമായി. ഓരോ ആധാർ കാർഡുടമയ്ക്കും യു.എച്ച്.ഐ.ഡി. കാർഡ് നൽകും.

യു.എച്ച്.ഐ.ഡിയുള്ളവർ ഹോസ്പിറ്റലിൽ മൊബൈൽ നമ്പർ മാത്രം പറഞ്ഞാൽ മതിയാകും. പ്രത്യേകം ഒ.പി. ടിക്കറ്റ് ഓരോ ഹോസ്പിറ്റലിലും ഇനി വേണ്ടി വരില്ല. ഒ.പി.ടിക്കറ്റിനായി ക്യൂ നിൽക്കേണ്ടിയും വരില്ല.

ഏത് ഹോസ്പിറ്റലിലും ഏത് ഡോക്ടറെയും ഓൺലൈനായി ബുക്ക് ചെയ്യാനും ഇ-ഹെൽത്ത് കാർഡുടമക്ക് പറ്റും. ഹോസ്പിറ്റലിലേക്ക് പരിശോധനാ റിപ്പോർട്ടിന്റെ ഫയലുകളുമായി പോകേണ്ടിയും വരില്ല.

രോഗിയോട് വിശദാംശങ്ങൾ ചോദിച്ചറിയാൻ കഴിയാത്ത സാഹചര്യങ്ങളിലും കാർഡുമയുടെ മുഴുവൻ ആരോഗ്യ- ചികിത്സാ വിവരങ്ങളും ഡോക്ടർക്ക് മനസ്സിലാക്കാനും ഇ-ഹെൽത്ത് പദ്ധതിയുടെ നേട്ടമാണ്. ക്യാമ്പിന് 21ാം വാർഡിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.വി. മുഹമ്മദലിയെ രജിസ്ട്രേഷൻ ചെയ്ത് കൊണ്ട് തുടക്കം കുറിച്ചു.

ഹെൽത്ത് ഇൻസ്പെക്ടർ സുരേന്ദ്രൻ കല്ലേരി ജെ.എച്ച്.ഐ. കെ. ബാബു, എം.എൽ.എസ്.പി. നഴ്സ് കെ. അനുലക്ഷ്മി, ഹാരിസ് മാത്തോട്ടത്തിൽ, അസീസ് തെരുവത്ത്, റാഷിദ് കക്കാടൻ, സുമിഷ തുടങ്ങിയവർ നേതൃത്വം നൽകി.

● മരുതോങ്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. സജിത്ത് ഉദ്ഘാടനം ചെയ്യുന്നു.

ഞാറ്റുവേല ചന്തയും കർഷക സഭയും സംഘടിപ്പിച്ചു

കുറ്റ്യാടി: കേരള സർക്കാർ - കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ഞാറ്റുവേല ചന്തയും കർഷക സഭയും മരുതോങ്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. സജിത്ത് ഉദ്ഘാടനം ചെയ്തു.

വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സി.പി. ബാബുരാജ് അധ്യക്ഷത വഹിച്ചു. ഗ്രാമ പഞ്ചായത്ത് അംഗം തോമസ് കാഞ്ഞിരത്തിങ്കൽ, കൃഷി ഓഫീസർ മെൽവിൻ എസ്. മോഹൻ, കൃഷി അസിസ്റ്റന്റ്മാരായ പി. സജി, സി. റഷാന, ചത്തൻകോട്ടുനട അഗ്രോ സർവീസ് സെന്റർ പ്രതിനിധികൾ, കർഷകർ തുടങ്ങിയവർ പങ്കെടുത്തു. ഞാറ്റുവേല ചന്തയുടെ ഭാഗമായി കാർഷിക ഉത്പന്നങ്ങളുടെയും നടീൽ വസ്തുകളുടെയും പ്രദർശനവും വിപണനവും നടത്തി.

നാളെ വൈദ്യുതി മുടങ്ങും

കോഴിക്കോട്: ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നാളെ വൈദ്യുതി മുടങ്ങും.

രാവിലെ 8:30 മുതൽ വൈകിട്ട് അഞ്ച് വരെ പുതുപ്പാടി സെക്ഷൻ പരിധിയിൽ കല്ലുള്ള തോട്, മേനോൻ പാറ, മാവുള്ള പൊയിൽ, മാരാർജി നഗർ, രാവിലെ 9:30 മുതൽ വൈകിട്ട് മൂന്ന് കൊയിലാണ്ടി നോർത്ത് സെക്ഷൻ പരിധിയിൽ ഐഎൻഎ രാമ റോഡ്, പെരുവട്ടൂർ,നടേരി, സ്റ്റീൽ ടെക്ക്, ചാലോറ, അമൃത സ്കൂൾ, നെസ്റ്റ്, രാവിലെ 8:30 മുതൽ രണ്ട് വരെ തിരുവമ്പാടി സെക്ഷൻ പരിധിയിൽ ചാക്കി നാരി, തമ്പലമണ്ണ എന്നിവിടങ്ങളിലും വൈദ്യുതി മുടങ്ങും.

● ടി.വി. സുരേഷ് കുമാറിനെ ആദരിക്കുന്നു

കാർഗിൽ ദിനം ആചരിച്ചു

പേരാമ്പ്ര: കാർഗിൽ യുദ്ധ വിജയത്തിന്റെ 25ാം വാർഷികദിനത്തിൽ ലയേൺസ് ക്ലബ് ഓഫ് പേരാമ്പ്ര റിട്ടയേഡ് സുബേദാർ ടി.വി. സുരേഷ് കുമാറിനെ ആദരിച്ചു. പ്രസിഡന്റ് ഭാസ്കരൻ അളകാപുരി അധ്യക്ഷത വഹിച്ചു. പൊന്നാട അണിയിച്ചു.

സുരേഷ് നമ്പ്യാർ, പി. വിജയൻ, ഡോ. കെ.പി. ബാബു, തോമസ് കെ. ജോസഫ് എന്നിവർ സംസാരിച്ചു. സിടി. രാധാകൃഷ്ണൻ സ്വാഗതവും ഡോ. സനിൽ കുമാർ നന്ദിയും പറഞ്ഞു.

കോഴിക്കോട് തന്നെ എയിംസ് സ്ഥാപിക്കപ്പെടുമെന്നാണ് പ്രതീക്ഷ: എം.കെ. രാഘവൻ എം.പി.

കോഴിക്കോട്: കോഴിക്കോട് തന്നെ എയിംസ് സ്ഥാപിക്കപ്പെടുമെന്നു തന്നെയാണ് താൻ പ്രതീക്ഷിക്കുന്നതെന്ന് എം.കെ. രാഘവൻ എം.പി. മലബാർ ചേമ്പർ ഓഫ് കോമേഴ്സ് സംഘടിപ്പിച്ച ഇന്ററാക്ടീവ് സെഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേന്ദ്ര ബഡ്ജറ്റിൽ എയിംസ് പ്രഖ്യാപിക്കാത്തത് വലിയ കാര്യമാക്കേണ്ട. ബഡ്ജറ്റിന് ശേഷം കേരളത്തിൽ നിന്നുള്ള സഹമന്ത്രിമാരായ സുരേഷ് ഗോപി, ജോർജ് കുര്യൻ എന്നിവരെ കണ്ടു ഞാൻ കാര്യങ്ങൾ സംസാരിച്ചിരുന്നു.

കേരളത്തിലെത്തിയ കേന്ദ്ര ആരോഗ്യ മാന്താലയവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥ സംഘങ്ങളെല്ലാം, സംസ്ഥാനം നല്കിയ മൂന്നു സ്ഥലങ്ങളിൽ കിനാലൂരിനു തന്നെയാണ് പ്രാപ്യമായ സ്ഥലമായി കണ്ടെത്തിയത്.

കേന്ദ്രമന്ത്രി സഭക്ക് ഇക്കാര്യം തീരുമാനിക്കാം. ഒരു രാഷ്ട്രീയ തീരുമാനമായതിനാൽ, അതിനായി മലബാർ ചേമ്പർ പോലുള്ള സംഘടനകൾ ബന്ധപ്പെട്ട രാഷ്ട്രീയ സംഘടനകളിൽ സമ്മർദ്ദം ചെലുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

പ്രതിഷേധ ധർണ നടത്തി

കോഴിക്കോട്: ഓൾ ഇന്ത്യ ബി.എസ്.എൻ.എൽ. പെൻഷനേഴ്സ് വെൽഫെയർ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് ജനറൽ മാനേജർ ഓഫീസിനു മുമ്പിൽ പ്രതിഷേധ ധർണ നടത്തി. ഡൽഹി സി.എ.ടി. അനുകൂലമായ വിധി പ്രഖ്യാപിച്ചിട്ടും ഡിപ്പാർട്ട്മെന്റ് ഓഫ് ടെലികോം പെൻഷൻ റിവിഷൻ നടപ്പാക്കാത്തതിൽ പ്രതിഷേധിച്ചായിരുന്നു ധർണ.

മെഡിക്കൽ അലവൻസ് പെൻഷനോടൊപ്പം നൽകുക. ആവശ്യത്തിന് വെൽനെസ് സെന്ററുകൾ ജില്ലാതലത്തിൽ ആരംഭിക്കുക എന്നിവയും ധർണക്ക് ആധാരമായ വിഷയങ്ങൾ ആയിരുന്നു. സംസ്ഥാന രക്ഷാധികാരി ടി. രാമചന്ദ്രൻ ധർണ ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ഭുവൻ രാജ് സ്വാഗതം പറഞ്ഞ യോഗത്തിൽ പ്രസിഡന്റ് എം. ഗോവിന്ദരാജ് അധ്യക്ഷത വഹിച്ചു. വി.എം.എൻ. അയ്യർ, സർക്കിൾ വൈസ്പ്രസിഡന്റ് എം.കെ. ബീരാൻ, സംസ്ഥാന മഹിളാ കമ്മിറ്റി കൺവീനർ ആണിപ്രേമൻ, കെ.പി. രാജൻ എന്നിവർ സംസാരിച്ചു. സർക്കിൾ ജോയിന്റ് സെക്രട്ടറി പി.കെ. വേലായുധൻ നന്ദി പറഞ്ഞു.

മാലിന്യം കത്തിച്ചു, വർക്ക്ഷോപ്പിന് 5000 രൂപ പിഴ

നാദാപുരം: വർക്ക്ഷോപ്പിലെ മാലിന്യങ്ങൾ കത്തിച്ചതിനെതിരെ നാദാപുരം ഗ്രാമപഞ്ചായത്തിന്റെ നടപടി. കല്ലാച്ചി ടൗണിൽ പെട്രോൾ പമ്പിന് സമീപം പ്രവർത്തിക്കുന്ന ലക്സസ് കാർ വർക്ക്ഷോപ്പിനെതിരെയാണ് നടപടി.

രാത്രി സമയങ്ങളിൽ ഉൾപ്പെടെ വർക്ക്ഷോപ്പിലെ മാലിന്യങ്ങൾ കത്തിക്കുന്നതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് അധികൃതർ നടത്തിയ പരിശോധനയെ തുടർന്നാണ് നടപടി. സ്ഥാപനത്തിന് അയ്യായിരം രൂപ പിഴ ചുമത്തി. ഗ്രാമപഞ്ചായത്ത് ഹെൽത്ത് ഇൻസ്പെക്ടർ കെ. സതീഷ് ബാബുവിന്റെ നേതൃത്വത്തിലാണ് പരിശോധന നടത്തി നടപടി സ്വീകരിച്ചത്. മാലിന്യങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി എൻ. ഷാമില അറിയിച്ചു.

ആറ്റക്കോയ പള്ളിക്കണ്ടിക്ക് സ്വീകരണം നൽകി

കോഴിക്കോട്: ഇബ്നുമ്പത്തുത പുരസ്കാരം നേടിയ പത്രപ്രവർത്തകനും പ്രവാസി സാഹിത്യകാരനുമായ ആറ്റക്കോയ പള്ളിക്കണ്ടിക്ക് മലബാർ ചാരിറ്റബിൾ ട്രസ്റിന്റെയും ഉള്ളൂർ സ്മാരക സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ സ്വീകരണം നൽകി ഡോ. ഇ.കെ. ഗോവിന്ദവർമ്മരാജ അധ്യക്ഷം വഹിച്ചു.

പ്രൊ. ജേക്കബ് ജോൺ, സകരിയ പള്ളിക്കണ്ടി, പി. അനിൽബാബു, പി. ഗംഗാധരൻ നായർ, സണ്ണി ജോസഫ്, ഗിരീഷ് അമ്പലപ്പാട്, പി.വി. കോയ, മൊയ്തീൻ കോയ പന്തീരാങ്കാവ്, സി.കെ. മൊഹ്സിൻ എന്നിവർ പ്രസംഗിച്ചു. പി. മുഹ്യുദ്ദീൻ മദനി പൊന്നാട അണിയിച്ചു. ഹബീബ് തലശ്ശേരി സ്വാഗതം പറഞ്ഞു.

സി.പി.ഐ. വിശദീകരണ യോഗവും പ്രതിഷേധവും നടത്തി

കുറ്റ്യാടി: നിരുത്തരവാദമായി കേന്ദ്ര സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിൽ കേരളത്തെ അവഗണിച്ചതിൽ പ്രതിഷേധിച്ച് സി.പി.ഐയുടെ നേതൃത്വത്തിൽ കുറ്റ്യാടിയിൽ പ്രതിഷേധ പ്രകടനവും വിശദീകരണ യോഗവും നടത്തി. സി.പി.ഐ. ജില്ല എക്സിക്യൂട്ടിവ് അംഗം രജീന്ദ്രൻ കപ്പള്ളി ഉദ്ഘാടനം ചെയ്തു.

കെ.പി. നാണു അധ്യക്ഷത വഹിച്ചു. മണ്ഡലം സെക്രട്ടറി കെ.കെ. മോഹൻ ദാസ്, റീന സുരേഷ്, ശ്രീജിത്ത് മുടപ്പിലായി, കെ.പി. ബിനൂപ്, പി. ഭാസ്കരൻ എന്നിവർ സംസാരിച്ചു. കെ. ചന്ദ്ര മോഹനൻ, വി. പ്രഭാകരൻ, പി.പി. ശ്രീജിത്ത്, കെ.ടി. നാണു, റെനിൽ വിൽസൺ എന്നിവർ നേതൃത്വം നൽകി.

SBI ഭാരതീയ സ്റ്റേറ്റ് ബാങ്ക്
SMEC കോഴിക്കോട്
ഒന്നാം നില, എസ്.ബി.ഐ. കോഴിക്കോട് ശാഖ, ബാങ്ക് റോഡ്, മാനാഞ്ചിറ, കോഴിക്കോട്-673001. ഫോൺ: 0495 - 2720188. ഇ-മെയിൽ: sbi.61063@sbi.co.in

[റൂൾ 8 (1)] സ്ഥാവര സ്വത്ത് കൈവശപ്പെടുത്തൽ നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്വൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സെക്ഷൻ 13 (12) വകുപ്പും റൂൾ 3 പ്രകാരം വായ്പക്കാർ/ജാമ്യക്കാരായ **(1). M/s. എ.കെ.കോക്കോനട്ട് പ്രോഡക്ട്സ്**, ഡോർ നം. XI/344 A (2) CP VII/506 A, മുതുവണ്ണാച്ച പി.ഒ, കുറ്റ്യാടി, പേരാമ്പ്ര - 673508 **(2) ശ്രീ. രാഘവൻ.കെ**, S/o കുഞ്ഞിരാമകുറുപ്പ്, കുന്നിൽ ഹൗസ്, മുതുവണ്ണാച്ച, കുറ്റ്യാടി - 673508 എന്നിവർക്ക് **04-08-2023** ൽ അയച്ച ഡിമാന്റ് നോട്ടീസ് പ്രകാരം കുടിശ്ശിക തുകയായ **രൂപ 3,67,031.08 (മൂന്ന് ലക്ഷത്തി അറുപത്തിയേഴായിരത്തി മുപ്പത്തിയൊന്ന് രൂപ എട്ട് പൈസ മാത്രം)** യും 05-08-2023 മുതലുള്ള പലിശയും മറ്റു ചിലവുകളും സഹിതം ടി നോട്ടീസ് കൈപ്പറ്റി **60** ദിവസത്തിനകം തിരിച്ച് അടയ്ക്കണമെന്ന് ആവശ്യപ്പെട്ടതാണ്.

വായ്പക്കാർ പ്രസ്തുത സമയത്തിനകം മുഴുവൻ തുകയും തിരിച്ചടയ്ക്കുവാൻ വീഴ്ച വരുത്തിയതിനാൽ മേൽപ്പറഞ്ഞ നിയമത്തിലെ സെക്ഷൻ 13(4) സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ 8 പ്രകാരം ബാങ്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ **2024 ജൂലൈ മാസം 23 - ാം** തീയതി കൈവശപ്പെടുത്തിയിരിക്കുന്നതായി മേൽപ്പറഞ്ഞ വായ്പക്കാർ/ജാമ്യക്കാരെ പ്രത്യേകിച്ചും പൊതുജനങ്ങളെ പൊതുവായും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ഈ വസ്തുവിൻമേൽ യാതൊരുവിധ ഇടപാടും നടത്തുവാൻ പാടുള്ളതല്ല എന്ന് വായ്പക്കാർ/ജാമ്യക്കാരെ പ്രത്യേകിച്ചും പൊതുജനങ്ങളെ പൊതുവായും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഈ വസ്തുക്കളിന്മേലുള്ള ഏതൊരു ഇടപാടും **സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയ്ക്ക്** കിട്ടാനുള്ള 22-07-2024 ലെ തുകയായ **രൂപ 3,63,655/- (മൂന്ന് ലക്ഷത്തി അറുപത്തി മൂവായിരത്തി അറുന്നൂറ്റി അൻപത്തിയഞ്ച് രൂപ മാത്രം)** യ്ക്കും 23-07-2024 മുതലുള്ള പലിശയ്ക്കും മറ്റ് ചെലവുകൾക്കും വിധേയമായിരിക്കും. **ടി ബാധ്യതയിൽ നിന്നും പണയപ്പെടുത്തിയ വസ്തുവകകൾ ഒഴിപ്പിച്ചെടുക്കുന്നതിനുള്ള കാലാവധിയെ സംബന്ധിച്ച് സർഫേസി നിയമത്തിന്റെ വകുപ്പ് 13(8) ൽ നിഷ്കർഷിച്ചിട്ടുള്ള വസ്തുതകളിലേക്ക് കുടിക്കടക്കാരുടെ ശ്രദ്ധക്ഷണിച്ചുകൊള്ളുന്നു.**

സ്ഥാവര വസ്തുവിന്റെ വിശദ വിവരണം

കുറ്റ്യാടി സബ് രജിസ്ട്രാർ ആഫീസിൽ 25/11/2010ലെ 1965/10 - ാം നമ്പർ ദാനാധാര പ്രകാരം കൊയിലാണ്ടി താലൂക്ക്, പാലേരി വില്ലേജിൽ, ശ്രീ. രാഘവൻ.കെ യുടെ പേരിലുള്ള റീ സർവേ നം. 26/2 ൽ പെട്ട 12 സെന്റ് സ്ഥലവും നിലവിലുള്ളതും ഭാവിയിൽ നിർമ്മിക്കുന്നതുമായ കെട്ടിടങ്ങളും മറ്റു സകലവിധ അവകാശങ്ങളുമാകുന്നു. **അതിരുകൾ (ലൊക്കേഷൻ സർട്ടിഫിക്കറ്റ് പ്രകാരം)** : **കിഴക്ക്**: രാഘവൻ വക വസ്തു; **വടക്ക്**: ദിനേശൻ/കണ്ണൻ നായർ വക വസ്തു; **പടിഞ്ഞാറ്**: പാറക്കാട് റോഡ്, ആയടത്തിൽ പറമ്പ്; **തെക്ക്**: വഴി, രാമൻ നായർ/നാരായണൻ വക വസ്തു.

തീയതി : 23-07-2024,
സ്ഥലം : കോഴിക്കോട്.

(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ,
ഭാരതീയ സ്റ്റേറ്റ് ബാങ്ക്.

● എ.കെ.എസ്.ടി.യു. ജില്ലാ കമ്മറ്റി വടകര ഡി.ഇ.ഒ. ഓഫീസിന് മുമ്പിൽ നടത്തിയ അധ്യാപക ധർണ സംസ്ഥാന പ്രസിഡന്റ് കെ.കെ. സുധാകരൻ ഉദ്ഘാടനം ചെയ്യുന്നു.

വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കാൻ ശ്രമിക്കുന്നത് ഒളിച്ചു കടത്തിയ അക്കാദമിക് കലണ്ടർ: കെ.കെ. സുധാകരൻ

വടകര: പൊതുവിദ്യാഭ്യാസ വകുപ്പ് സംസ്ഥാനത്ത് ധൃതി പിടിച്ച് നടപ്പിലാക്കാൻ ശ്രമിക്കുന്നത് ഒളിച്ചു കടത്തിയ വിദ്യാഭ്യാസ കലാണ്ടറാണെന്ന് സി.പി.ഐ. അധ്യാപക സംഘടനയായ ഓൾ കേരള സ്കൂൾ ടീച്ചേഴ്സ് യൂണിയൻ (എ.കെ.എസ്.ടി.യു) സംസ്ഥാന പ്രസിഡൻറ് കെ.കെ. സുധാകരൻ.

എ.കെ.എസ്.ടി.യു. ജില്ലാ കമ്മറ്റി വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിന് മുമ്പിൽ നടത്തിയ ധർണ ഉദ്ഘാടനം ചെയ്യുന്നതിനിടയിലാണ് സർക്കാരിനെ രൂക്ഷമായി വിമർശിച്ചത്. അധ്യാപകരെ വിശ്വാസത്തിലെടുക്കാതെ നിർണായക കാര്യങ്ങളിൽ തീരുമാനമെടുക്കാൻ ഉദ്യോഗസ്ഥ ലോബിക്ക് സ്വാതന്ത്ര്യം നൽകുന്നത് ഇടതുപക്ഷ സർക്കാരിന് ഭൂഷണമല്ലെന്നും.

പങ്കാളിത്ത പെൻഷൻ കാര്യത്തിലുള്ള ഇരട്ട താപ്പ് അവസാനിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. അശാസ്ത്രീയ അക്കാദമിക് കലണ്ടർ പുനക്രമീകരിക്കുക, ആറാം പ്രവൃത്തി ദിനം ഒഴിവാക്കുക, നീറ്റ്, നെറ്റ്, യോഗ്യതാ പരീക്ഷകളുടെ വിശ്വാസ്യത വീണ്ടെടുക്കുക, വിദ്യാഭ്യാസത്തെ വർഗീയവത്ക്കരിക്കുന്ന ദേശീയ നയം തിരുത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് സംസ്ഥാന വ്യാപകമായുള്ള സമരത്തിന്റെ ഭാഗമായാണ് ധർണ നടത്തിയത്.

ജില്ലാ പ്രസിഡന്റ് കെ.വി. ആനന്ദൻ അധ്യക്ഷനായി. ജില്ലാ സെക്രട്ടറി ബി.ബി. ബിനീഷ്, എ.ടി. വിനീഷ്, സി.വി. സജിത്ത്, കെ. സുധിന, സി. രാമകൃഷ്ണൻ, കെ.പി. പവിത്രൻ, പി. അനീഷ്, ഡോ. വിദ്യ ജി. നായർ, സി.കെ. ബാലകൃഷ്ണൻ, പ്രജിഷ എളങ്ങോത്ത് എന്നിവർ സംസാരിച്ചു.

HDB FINANCIAL SERVICES
എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്
Registered Office: Radhika, 2nd Floor, Law Garden Road,Navrangpura, Ahamedabad- 09. Branch Office: HDB Financial Services Ltd, 2nd Floor, La-Grace Building, Above Axis Bank, Near IQRAA Hospital, Wayanad Road, Malaparamba, Kozhikode, Kerala-673009

ലേല വിൽപന നോട്ടീസ് ഇ -ലേല വില്പന നോട്ടിസ് (വായ്പക്കാർ/സഹ - അപേക്ഷകർ/പൊതുജനങ്ങൾ മറ്റുള്ളവർക്കായി)
(Under Rule 8(6) R/w with Rule 9 (1) of SARFAESI Act, 2002)

എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ താഴെ ഒപ്പിട്ട അംഗീകൃത ഓഫീസർ ഏറ്റെടുത്ത താഴെ പറയുന്ന വസ്തുവകകൾ അണ്ടർ സെക്യൂരിറ്റൈസേഷൻ ആൻഡ് റീ കൺസ്ട്രക്ഷൻ ഓഫ് ദി ഫിനാൻഷ്യൽ അസറ്റ്സ് & എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, പ്രകാരം താഴെ കാണിച്ചിരിക്കുന്ന ലോൺഅക്കൗണ്ടിനുവേണ്ടി എവിടെയോ അവിടെ എങ്ങനെയോ അങ്ങനെ വ്യവസ്ഥയിൽ വിൽപന നടത്തുന്നു

അപേക്ഷകന്റെയും സഹ-അപേക്ഷകന്റെയും പേരും വിലാസവും: 1. ലക്ഷ്മി ടെക്സ്റ്റൈൽസ്, ലക്ഷ്മി ടെക്സ്റ്റൈൽസ് 3,0, കാഞ്ചസ് ബിൽഡിംഗ്, മൊഫ്യൂസൽ ബസ് സ്റ്റാൻഡ്, കോഴിക്കോട്, കേരളം, 673001. 2. ബിന അനിൽ കുമാർ, ലക്ഷ്മി വില്ല, അമ്പലപ്പറമ്പിൽ, പതിമംഗലം പി.ഒ., കുന്നമംഗലം, കോഴിക്കോട്, 673571.3.അനിൽ കുമാർ വട്ടപ്പൊതി, ലക്ഷ്മി വില്ല, അമ്പലപ്പറമ്പിൽ, പതിമംഗലം പി.ഒ., കുന്നമംഗലം, കോഴിക്കോട്, 673571
അക്കൗണ്ട് നമ്പർ.14327636, 8452748 linked by unique id no 4087231, **മൊത്തം കുടിശ്ശിക തുക:** Rs. 2,40,85,096/- (രൂപ രണ്ട് കോടി നാൽപ്പത് ലക്ഷത്തി എൺപത്തി അയ്യായിരത്തി തൊണ്ണൂറ്റി ആറ് മാത്രം) 13.01.2023-ന്, തുടർ പലിശ/സാന്ദർഭിക ചെലവുകൾ/മറ്റു ചെലവുകൾ പൂർണ്ണമായി അടയ്ക്കുന്ന തീയതി വരെ.
സുരക്ഷിത വായ്പാദാതാവിന് അറിയാവുന്ന ബാധ്യതകളുടെ വിശദാംശങ്ങൾ, എന്തെങ്കിലും ഉണ്ടെങ്കിൽ:-ഇല്ല
സ്ഥാവര വസ്തുക്കളുടെ വിശദാംശങ്ങൾ: കുന്നമംഗലം പഞ്ചായത്ത്, കുന്നമംഗലം വില്ലേജ്, കുന്നമംഗലം ദേശം, കോഴിക്കോട് താലൂക്ക്, കോഴിക്കോട് ജില്ല RY SURVEY NOS.285/210,214,1A, 1B, ൽ 11.52 ARES വിസ്തൃതിയുള്ള ഭൂമിയും മുഴുവൻ ഭാഗവുംകെട്ടിടവും നമ്പർ 1/668 .ഉൾപ്പെടെ സകല സ്ഥാവര ജംഗമ വസ്തുക്കളും2158/2016, 1474/2014 എന്നീ വിൽപന രേഖകൾ പ്രകാരം ചാത്തമംഗലം എസ്.ആർ.ഒ. കോഴിക്കോട് ജില്ല വില്ലേജ് ഓഫീസർ കുന്നമംഗലം നൽകിയ ലൊക്കേഷൻ സർട്ടിഫിക്കറ്റ് പ്രകാരം അനിൽകുമാറിന്റെയും ബിനാനിൽകുമാറിന്റെയും പേരിൽഅതിർത്തി: കിഴക്ക്: മോസ്ക് വക സ്വത്ത്; പടിഞ്ഞാറ്: അഷ്റഫിന്റെ സ്വത്ത്; തെക്ക്: കോയയുടെ സ്വത്ത്; വടക്ക്: റോഡ്.

റിസർവ് പ്രൈസ്	നിരതദ്രവ്യം	ലേലവർദ്ധന തുക	ലേല തീയതി & സമയം	ഇ.എം.ഡി അവസാനതീയതി & സമയം
Rs.2,10,72,758/-	Rs.21,07,276/-	Rs.1,00,000/-	28/08/2024 at 11 a.m. to 12 Noon	27/08/2024 up to 06:00 p.m

ടെണ്ടർലേല വിൽപ്പനയുടെ നിബന്ധനകളും വ്യവസ്ഥകളും ● വിൽപ്പന ലേലം മുകളിലുള്ള പട്ടികയിൽ പരാമർശിച്ചിട്ടുള്ള തിയതികളിൽ 5 മിനിറ്റ് സമയപരിധിയിൽ https://bankauctions.in എന്ന വെബ്സൈറ്റിലൂടെ മൊബൈൽ ആപ് ഓൺലൈൻ ഇലേലം ബിഡ്ഡിംഗ് ആയി ആയിരിക്കും നടത്തുക. (2) താൽപ്പര്യപ്പെടുന്ന ലേലക്കാർ https://bankauctions.in എന്ന പോർട്ടലിലൂടെ തങ്ങളുടെ EMD സമർപ്പിക്കണം. ലോഗ് ഇൻ ഐഡി പാസ്വേർഡ് എന്നിവ വഴി (യൂസർ ഐഡി, പാസ്വേർഡ് എന്നിവ ഈ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നതിലൂടെ ഫ്രീയായി ലഭ്യമാക്കുന്നതാണ്. മുകളിൽ പരിമിതപ്പെടുത്തിയിരിക്കുന്ന എച്ച്ഡിബി ഫിനേഷ്യൽ സർവീസ് ലിമിറ്റഡിന് അനുകൂലമായുള്ള കരുതൽ വിലയുടെ ഇ.എം.ഡി. 10% ഓർഡർ / ഡിമാൻഡ് ഡ്രാഫ്റ്റ് വഴി ഇ.എം.ഡി. നൽകപ്പെടും. ബിഡ് ഡോക്യുമെന്റ് സമർപ്പിക്കുന്ന ദിവസത്തിനു മുൻപായി വൺ ടൈം രജിസ്ട്രേഷനു ശേഷം ബിഡർമാർ താഴെ പറയുന്ന രേഖകൾ വെബ്പോർട്ടലിൽ അപലോഡ് ചെയ്യണം. i) NEFT/RTGS ഡ്രൈവിങ്ങ് ലൈസൻസ് എന്നിവയുടെ കോപ്പി, ii) പാൻ കാർഡിന്റെ കോപ്പി, iii) അഡ്രസ് പ്രൂഫ് (കെ.വൈ.സി), 3. വോട്ടർ ഐഡി,ഡ്രൈവിങ്ങ് ലൈസൻസ്, പാൻകാർഡ് എന്നിവയുടെ സെൽഫ് അറ്റസ്റ്റഡ് കോപ്പി. അനുബന്ധം II&III എന്നവയുടെ സ്കാൻ ചെയ്ത കോപ്പി (https://bankauctions.in എന്ന വെബ്സൈറ്റിലൂടെ ഡൗൺലോഡ് ചെയ്യാം.) ഫിൽ ചെയ്തതിനു ശേഷം സാക്ഷ്യപ്പെടുത്തുകയും വേണം. ലോഗ് ഇൻ ഐഡി പാസ്വേർഡ് എന്നിവ എന്നിവ ഉണ്ടാക്കുന്നതിനോ , രേഖകൾ ഓൺലൈൻ ആയി സമർപ്പിക്കുന്നതിനോ സഹായം വേണ്ടവർ M/s 4 ക്ലോഷർ ഇന്ത്യ, ബ്ലോക്ക് നമ്പർ: 605A, ആറാം നില, മൈത്രിവനം കൊമേഴ്സ്യൽ കോംപ്ലക്സ്, അമീർപേട്ട്, ഹൈദരാബാദ്- 500038, ഇ-മെയിൽ ഐഡി: subbarao@bankauctions.in,info@bankauctions.in,സപ്പോർട്ട് ഹെൽപ്പ്ലൈൻ നമ്പറുകൾ: ശ്രീ.സുബ്ബറാവു, റീജിയണൽ മാനേജർ, മൊബ്: നമ്പർ: 86142000000 ശ്രീ. മനോജ് നമ്പർ :9515160064, ലാൻഡ് ലൈൻ-040-23736405, മൊബ്: 8142000062/66. + എന്നിവയിൽ ബന്ധപ്പെടുക..ബിഡ്ഡർ നേരിട്ട് ലേലത്തിൽ പങ്കെടുക്കേണ്ടതും ലേലത്തിൽ പങ്കെടുക്കുന്നതു സംബന്ധിച്ച് ഡിറേഷൻ ഫോം എഴുതി നൽകേണ്ടതുമാണ്. ബിഡർമാർ M/s എച്ച്.ഡി.ബിഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, രണ്ടാം നില, ലാ-ഗ്രേസ് ബിൽഡിംഗ്, ആക്സിസ് ബാങ്കിന് മുകളിൽ, IQRAA ഹോസ്പിറ്റലിന് സമീപം, വയനാട് റോഡ്, മലാപ്പറമ്പ്, കോഴിക്കോട്, കേരളം-673009.മാനേജറിൽ നിന്നും ടെണ്ടർ ഫോമുകൾ കൈപ്പറ്റാവുന്നതാണ്. എച്ച്ഡിബിക്ക് അനുകൂലമായുള്ള റിസർവ് വില എം.ഡി.എം. 10% നോടൊപ്പം പേ / ഓർഡർ / ഡിമാൻഡ് ഡ്രാഫ്റ്റ് സഹിതം അംഗീകൃത ഓഫീസർക്ക് സമർപ്പിച്ചിരിക്കുന്ന സീൽ ചെയ്ത എൻവലപ്പുകളിൽ നിർദ്ദേശിച്ചിട്ടുള്ള ടെണ്ടർ ഫോമിൽ മാത്രമേ ബിൻഡിംഗ് ബിഡ്ഡർ അംഗീഗൃത ഓഫീസർ, എച്ച്ഡിബി ഫിനേഷ്യൽ സർവീസസ് ലിമിറ്റഡിന് സമർപ്പിക്കാവു 27/08/2024 വൈകുന്നേരം 6 മണിക്കോ അതിന് മുമ്പോഇതിനാൽ അറിയിച്ചു കൊള്ളുന്നു . വസ്തു പരിശോധിക്കുന്നതിനായി വാങ്ങുന്നയാൾ എച്ച് ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, രണ്ടാം നില, ലാ-ഗ്രേസ് ബിൽഡിംഗ്, ആക്സിസ് ബാങ്കിന് മുകളിൽ, IQRAA ഹോസ്പിറ്റലിന് സമീപം, വയനാട് റോഡ്, മലാപ്പറമ്പ്, കോഴിക്കോട്, കേരളം-673009. അംജിത്ത് പി.കെ (7907222373), ശരത്.എൻ (8590143660), മനോജ് പണിക്കർ (8589972288). എന്നീ നമ്പറിൽ ബന്ധപ്പെടുക. ആസ് വേർ ഇസ് ആസ് വാട്ട് ഇസ് എന്ന അടിസ്ഥാനത്തിൽ ആയിരിക്കും വസ്തു വിൽപ്പന. സീൽ ചെയ്ത ടെണ്ടർ 28/08/2024 രാവിലെ 11 മണിക്ക് ഇവിടെ നൽകിയിരിക്കുന്ന ടെണ്ടർ കം ലേല നോട്ടിസിൽ അറിയിച്ചതിൻ പ്രകാരം ബിഡ്ഡറുടെ സാന്നിധ്യത്തിൽ തുറക്കും. ക്ളോസഡ് ടെണ്ടറിലും ഇപ്രകാരം അംഗീകൃത ഉദ്യോഗസ്ഥൻ അദ്ദേഹത്തിന്റെ വിവേചനാധികാരത്തിൽ താൽപര്യപ്പെടുന്ന ബിഡ്ഡർമാരുടെ ഇടയിൽ ക്ലോസ്ഡ് ടെണ്ടർ നടത്തുകയും ഏറ്റവും കൂടുതൽ ലേലം വിളിക്കുന്ന വ്യക്തിക്ക് വിൽപ്പന നടത്തുയും ചെയ്യും. വിൽപ്പന എച്ച്ഡിബി ഫിനേഷ്യൽ സർവീസ് ലിമിറ്റഡിന്റെ സ്ഥിരീകരണത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും.. വിജയിച്ച ബിഡ്ഡർ വിൽപന പൂർത്തിയായതിന് ശേഷം വിൽപന തുകയുടെ 25% (ഇ.എം.ഡി. ഉൾപ്പെടെ) അതേ ദിവസം അല്ലെങ്കിൽ അതിനു തൊട്ടടുത്ത പ്രവൃത്തി ദിവസവും ബാക്കി 75% തുക വിൽപന സ്ഥിരീകരിച്ച തിയതി മുതൽ 15 ദിവസത്തിനുള്ളിൽലും അടയ്ക്കേണ്ടതാണ്. ഇതിനു കഴിഞ്ഞില്ലെങ്കിൽ പ്രാരംഭ നിക്ഷേപമായ 25% നഷ്ടപ്പെടുകയും അടുത്ത ബിഡ്ഡറെ പരിഗണിക്കുന്നതുമാണ്. നിശ്ചയിച്ചിരിക്കുന്ന പരിധിക്കുള്ളിൽ മുഴുവൻ വിൽപ്പനയും നടക്കുന്ന പക്ഷം വിജയിച്ച ആൾക്ക് അംഗീകൃത ഓഫീസർ വിൽപ്പന സർട്ടിഫിക്കറ്റ് നൽകുന്നതാണ്. വാങ്ങുന്നയാൾ നിയമപ്രകാരം ബാധകമായ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് മുതലായവയ്ക്ക് നൽകേണ്ട നിരക്കുകൾ / ഫീസ് എന്നിവ വഹിക്കണം. വാങ്ങുന്നയാൾ സ്റ്റാറ്റ്യൂട്ടറി കുടിശ്ശിക നൽകണം (ലോഫുൾ ഹൗസ് ടാക്സ്, വൈദ്യുത ബിൽ, മറ്റ് കുടിശികകൾ) TDS,GST നിരക്കുകൾ ഉണ്ടെങ്കിൽ അവയുംസർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ കുടിശിഖയും. അംഗീകൃത ഉദ്യോഗസ്ഥന് മുൻകൂർ അറിയിപ്പ് കൂടാതെ ടെണ്ടർ സ്വീകരിക്കാനോ നിരസിക്കാനോ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ ഓഫറുകളും ലേലം വിളിക്കാനും ലേലം ഒരു കാരണവും നൽകാതെ മാറ്റിവയ്ക്കുക / റദ്ദാക്കാനും മുൻകൂട്ടി അറിയിക്കാതെ തന്നെ വിൽപനയുടെ ഏതെങ്കിലും നിബന്ധനകളും വ്യവസ്ഥകളും പരിഷ്കരിക്കാനും പൂർണ്ണമായ അവകാശമുണ്ട്.

സ്ഥലം : കോഴിക്കോട്,
തീയതി : 27/07/2024

അധികാരപ്പെട്ട ഓഫീസർ,
M/s എച്ച്ഡിബി ഫിനാൻഷ്യൽ സർവീസ് ലിമിറ്റഡ്